**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** **26-07-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്കിലെ റീസർവ്വേയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ നിരവധി അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മഞ്ചേശ്വരം താലൂക്കിൽ സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; ഇവരുടെ ഉദ്യോഗപ്പേര് വ്യക്തമാക്കുമോ; ഏത് അധികാരിയാണ് ഇവരെ നിയോഗിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം. സർവ്വെയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഒരു ഹെഡ് സർവ്വെയർ, ആറ് സർവ്വെയർ ഉൾപ്പെടെ ആകെ 7 ജീവനക്കാരെയാണ് നിയോഗിച്ചിട്ടുള്ളത്. പ്രസ്തുത ജീവനക്കാരെ കാസർഗോഡ് സർവ്വെ ഡെപ്യൂട്ടി ഡയറക്ടറാണ് നിയോഗിക്കുന്നത്. |
| (സി) | പ്രസ്തുത താലൂക്കിൽ ഏത് കാരണത്താലാണ് ജനങ്ങൾക്ക് യഥാസമയം മേൽ വിഷയത്തിൽ സേവനങ്ങൾ ലഭ്യമാകാത്തത് എന്ന് വിശദമാക്കുമോ; | (സി) | 26/08/2017 ലെ സ.ഉ.(എം.എസ്) നം.303/2017/ റവന്യൂ നമ്പർ ഉത്തരവ് പ്രകാരം റീസർവ്വെ പരാതി ഉൾപ്പെടെ ഭൂരേഖാ പരിപാലനവുമായി ബന്ധപ്പെട്ട അപേക്ഷകളിന്മേലുള്ള നടപടികളുടെ ഭാഗമായി വിവിധ തലത്തിലുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട താലൂക്കുകളിലെ ഭൂരേഖാ തഹസീൽദാരുടെ നിയന്ത്രണത്തിൽ നിർവഹിച്ചുവരുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതും, റിക്കാർഡുകളുടെ നാളതീകരണവും അതാത് താലൂക്ക് മുഖാന്തിരം നിർവ്വഹിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത വിഭാഗത്തിൽ നിന്നും ഏതൊക്കെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് നൽകുന്നത് അഥവാ ആവശ്യമായി വരുന്നത് എന്ന് വ്യക്തമാക്കുമോ; അപേക്ഷ ലഭിച്ചാൽ എത്ര ദിവസംകൊണ്ട് ആളുകൾക്ക് സേവനം ലഭ്യമാക്കേണ്ടതായിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (ഡി) | പേരുമാറ്റം, സർവ്വേ സബ് ഡിവിഷൻ അപേക്ഷകൾ, വിസ്തീർണ്ണം, അതിർത്തി വ്യത്യാസ അപേക്ഷകളും കൈകാര്യം ചെയ്തു വരുന്നു. എല്ലാ രേഖകളും അപേക്ഷയോടൊപ്പം സമർപ്പിക്കുകയും കൈവശാതിർത്തി വ്യക്തവും തർക്ക രഹിതവുമായാൽ ഒരു മാസത്തിനകം പരാതി തീർപ്പാക്കാവുന്നതാണ്. |
| (ഇ) | 14-07-2021 തീയതി വരെ എത്ര അപേക്ഷകളാണ് ഇവിടെ പെന്റിംഗ് ആയി ഉള്ളത് എന്ന് | (ഇ) | 14/07/2021 വരെ മഞ്ചേശ്വരം താലൂക്കിൽ എൽ.ആർ.എം സർവ്വെയുമായി ബന്ധപ്പെട്ട 833 |

| | | | |
|---|---|---|---|
| | വിശദമാക്കുമോ; | | അപേക്ഷകളാണ് നിലവിലുള്ളത്. |
| (എഫ്) | പെന്റിംഗ് ഫയലുകളിൽ തീരുമാനമെടുത്ത് ജനങ്ങൾക്ക് സേവനം ലഭ്യമാക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ; 2021 സെപ്റ്റംബർ 30 നകം മുഴുവൻ ഫയലുകളിലും തീർപ്പുകൽപ്പിക്കാൻ സാധിക്കുമോ എന്ന് വ്യക്തമാക്കുമോ; പെൻഡിംഗ് ഫയലുകൾ തീർപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഫയൽ അദാലത്ത് വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ ; ഈ വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ആയത് നികത്തുവാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | കുടിശ്ശിക ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിൽ നിലവിൽ ഒഴിവുകളില്ല. |

സെക്ഷൻ ഓഫീസർ